**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2821** **14-09-2023 - ൽ മറുപടിയ്ക്ക്**

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുതി ബിൽ കുടിശ്ശിക പലിശയിളവ് നൽകി പിരിച്ചെടുക്കുന്നതിനായി കെ. എസ്. ഇ. ബി. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതി പ്രകാരമുള്ള തിരിച്ചടവ് വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | 20.07.2023 മുതൽ ഒറ്റത്തവണ തീർപ്പാക്ക പദ്ധതി (One Time Settlement - OTS) ബഹുമാനപ്പെട്ട വൈദ്യുതി റെഗുലേറ്റ കമ്മീഷന്റെ അംഗീകാരത്തോടു കൂട കെ.എസ്.ഇ.ബി.ലിമിറ്റഡ് നടപ്പിലാക്ക വരുന്നു. ഈ പദ്ധതി 30.12.2023 വരെയാണ ഉള്ളത്. രണ്ടു വർഷത്തിനുമേൽ പഴക്കമുള്ള കുടിശ്ശികകൾ പലിശ ഇളവോടുകൂടി ഈ പദ്ധതി പ്രകാരം തീർപ്പാക്കാവുന്നതാണ് റവന്യൂ റിക്കവറി നടപടികൾ പുരോഗമിക്കുന്നതോ കോടത വ്യവഹാരത്തിൽ ഉള്ളതോ ആയ കുടിശ്ശികകളും ഈ പദ്ധതിയിലൂടെ തീർപ്പാക്കാം. ഈ പദ്ധതി പ്രകാര അനുവദിക്കുന്ന ഇളവുകൾ ചുവടെ കൊടുത്തിരിക്കുന്നു:-<br><br>• 15 വർഷത്തിനു മുകളിലുള്ള കുടിശ്ശികകൾക്ക് പലിശ നാല് ശതമാനം മാത്രം.<br>• അഞ്ച് മുതൽ 15 വർഷം വരെ പഴക്കമുള്ള കുടിശ്ശികകൾക്ക് പലിശ അഞ്ച് ശതമാനം മാത്രം.<br>• രണ്ടു മുതൽ അഞ്ചുവർഷം വരെ പഴക്കമുള്ള കുടിശ്ശികകൾക്ക് പലിശ ആറ് ശതമാനം മാത്രം.<br>• മുഴുവൻ വൈദ്യുതി കുടിശ്ശികയും പലിശയും ഉൾപ്പെടെ ഒറ്റത്തവണയായി തീർപ്പാക്കിയാൽ ആകെ പലിശ തുകയിൽ രണ്ട് ശതമാനം അധിക ഇളവ് ലഭിക്കും.<br>• വൈദ്യുതി കുടിശ്ശികകൾക്ക് ഉള്ള പലിശ ആറ് തവണകളായി അടയ്ക്കാൻ |

| | | | |
|---|---|---|---|
| | | | അവസരമുണ്ട്.<br>• പലിശ ഇളവ് നൽകുന്നതിനു പുറമേ അടച്ചുപൂട്ടിയ യൂണിറ്റുകൾക്ക് ബില്ലിംഗ് ഡിമാന്റിൽ അടഞ്ഞു കിടന്ന സമയത്ത് ഇളവുകൾ നൽകി തീർപ്പാക്കുന്നതാണ്.<br>• വൈദ്യുതി വിച്ഛേദിച്ചിട്ടുള്ള യൂണിറ്റുകൾക്ക് ആറ് മാസത്തിലധികം ബില്ല് ചെയ്തിട്ടുണ്ടെങ്കിൽ ആയത് ആറു മാസത്തേക്ക് നിജപ്പെടുത്തി അവരുടെ കുടിശ്ശികയിൽ ഇളവ് നൽകാനും ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ കെ. എസ്. ഇ. ബി. ക്ക് ഏറ്റവും കൂടുതൽ വൈദ്യുതി കുടിശ്ശിക ലഭിക്കാനുള്ളത് ഏത് സ്ഥാപനത്തിൽ നിന്നാണെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിൽ കെ.എസ്.ഇ.ബി.എൽ-ന് ഏറ്റവും കൂടുതൽ വൈദ്യുതി കുടിശ്ശിക ലഭിക്കാനുള്ളത് കേരള വാട്ടർ അതോറിറ്റിയിൽ നിന്നാണ്. 31.07.2023 വരെയുള്ള കണക്കനുസരിച്ച് 1617.08 കോടി രൂപയാണ് കേരള വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക. |

സെക്ഷൻ ഓഫീസർ